ഉത്തരം

(എ-ഡി) ഇക്കാര്യം പരിശോധിച്ചു വരുന്നു.

**എൽ. പി., യു. പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാനുള്ള തീരുമാനം**

**87 (684)** ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എൽ. പി., യു. പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അവ ഏതൊക്കെയാണെന്നും ആയതിനു സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ ;

(സി) സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ വിദ്യാഭ്യാസ വകുപ്പ് ശുപാർശ ചെയ്തിട്ടുണ്ടെങ്കിൽ അവ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) അപ്ഗ്രേഡ് ചെയ്യുന്നതിന് സാമുദായിക പരിഗണന നോക്കിയിട്ടുണ്ടോ ;

(ഇ) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നു എന്ന് പ്രചരിപ്പിച്ചു അദ്ധ്യാപക നിയമനത്തിന് വൻ തോതിൽ കോഴ വാങ്ങുന്നതായി ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) പ്രസ്തുത ആക്ഷേപം ഉയർന്നുവന്ന സാഹചര്യത്തിൽ അപ്ഗ്രേഡ് ചെയ്യുന്ന നടപടിയിൽ നിന്നും പിന്തിരിയുമോ ?

ഉത്തരം

(എ) അൺ എയ്ഡഡ് മേഖലയിൽ എൽ. പി., യു. പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ നയപരമായ തീരുമാനം എടുത്തിട്ടുണ്ട്.

(ബി-ഇ) ഏതൊക്കെ സ്കൂളുകളാണ് അപ്ഗ്രേഡ് ചെയ്യേണ്ടതെന്ന കാര്യം പരിശോധിച്ചു വരുന്നതേയുള്ളു.

(എഫ്) ഇല്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

**അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്കൂളുകൾ**

**88 (685)** ശ്രീ. എഴുകോൺ നാരായണൻ :
ശ്രീമതി മാലേത്ത് സരളാ ദേവി :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാത്ത എത്ര അൺ എയ്ഡഡ് സ്കൂളുകളുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly